**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4493** **01-07-2024 - ൽ മറുപടിയ്ക്ക്**

**കാർഷിക ആവശ്യത്തിനായുള്ള വൈദ്യുതിചാർജ് സംബന്ധിച്ച് ശ്രീ.വിജയൻ എന്ന കർഷകന്റെ പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക ആവശ്യത്തിനായുള്ള വൈദ്യുതിചാർജ് ഒഴിവാക്കിയിരുന്ന ശ്രീ. വി.എം.വിജയൻ, വക്കേപ്പറമ്പ് മഠം (ഹൗസ്), വല്ലച്ചിറ പി.ഒ., (കൺസ്യൂമർ നമ്പർ 013722-ചേർപ്പ് കെ.എസ്.ഇ.ബി. ഓഫീസ്) എന്ന കർഷകന് അനുവദിച്ചിരുന്ന പ്രസ്തുത ഇളവ് 2022 ഏപ്രിൽ മുതൽ ഒഴിവാക്കിയ സാഹചര്യത്തിൽ അദ്ദേഹത്തിൽ നിന്നും ഇത് സംബന്ധിച്ച് പരാതി ലഭ്യമായിട്ടുണ്ടോ; | (എ) | പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) | കൃഷി വകുപ്പ് മുഖേന അടയ്ക്കേണ്ട പ്രസ്തുത തുക യഥാസമയം അടയ്ക്കാത്തതിനാൽ കർഷകനിൽ നിന്നും സർചാർജ് ഈടാക്കുന്ന നടപടി കെ.എസ്.ഇ.ബി. പുന:പരിശോധിക്കുമോ; | (ബി) | വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതും, ടി സേവനങ്ങൾക്കായി ഉപഭോക്താവിൽ നിന്നും ഈടാക്കാവുന്ന തുക എന്നിവ നിശ്ചയിക്കുന്നതും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആണ്. കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡ് 2014 അനുസരിച്ച് വൈദ്യുത ചാർജ്ജ് ഒടുക്കുന്നതിൽ കാലതാമസം വരുത്തിയാൽ സർചാർജ്ജ് ബാധകമാവും. ഇത് ഒഴിവാക്കാൻ നിലവിലെ നിയമങ്ങൾ കെ.എസ്.ഇ.ബി.എൽ-നെ അനുവദിക്കുന്നില്ല.<br><br>കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വൈദ്യുതി സൗജന്യമല്ല, നിലവിലുള്ള താരിഫ് ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്ക് അനുസരിച്ചാണ് എല്ലാ കാർഷിക കണക്ഷനുകൾക്കും വൈദ്യുതി ബിൽ നൽകി വരുന്നത്. ഇതിൽ നിന്നും കൃഷി വകുപ്പ് അംഗീകരിച്ചിട്ടുള്ള കർഷകർ ഉപയോഗിച്ച വൈദ്യുതിക്കുള്ള ചാർജ് മാത്രമാണ് (കർഷകൻ നേരിട്ട് അടക്കാതെ)കൃഷി ഭവൻ മുഖേന അടയ്ക്കുന്നത്.<br><br>ആകയാൽ കൃഷി വകുപ്പ് മുഖേന അടയ്ക്കേണ്ട പ്രസ്തുത തുക യഥാസമയം അടയ്ക്കാത്തതിനാൽ സർചാർജ് ഈടാക്കുന്ന നടപടി നിലവിലുള്ള മാനദണ്ഡങ്ങൾ |

| | | | |
|---|---|---|---|
| | | | പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡിന് ഒഴിവാക്കാൻ സാധിക്കുകയില്ല. |
| (സി) | പ്രസ്തുത കർഷകൻ സർചാർജിനത്തിൽ പിന്നീട് അടച്ച തുക തെറ്റായ ഹെഡിൽ രേഖപ്പെടുത്തിയത് മൂലം ടിയാനെ കുടിശികക്കാരനാക്കി നിലനിർത്തുന്ന നടപടി ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതും, ടി സേവനങ്ങൾക്കായി ഉപഭോക്താവിൽ നിന്നും ഈടാക്കാവുന്ന തുക എന്നിവ നിശ്ചയിക്കുന്നതും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആണ്. കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡ് 2014 അനുസരിച്ച് വൈദ്യുത ചാർജ്ജ് ഒടുക്കുന്നതിൽ കാലതാമസം വരുത്തിയാൽ സർചാർജ്ജ് ബാധകമാവും. ഇത് ഒഴിവാക്കാൻ നിലവിലെ നിയമങ്ങൾ കെ.എസ്.ഇ.ബി.എൽ-നെ അനുവദിക്കുന്നില്ല.<br><br>കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വൈദ്യുതി സൗജന്യമല്ല, നിലവിലുള്ള താരിഫ് ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്ക് അനുസരിച്ചാണ് എല്ലാ കാർഷിക കണക്ഷനുകൾക്കും വൈദ്യുതി ബിൽ നൽകി വരുന്നത്. ഇതിൽ നിന്നും കൃഷി വകുപ്പ് അംഗീകരിച്ചിട്ടുള്ള കർഷകർ ഉപയോഗിച്ച വൈദ്യുതിക്കുള്ള ചാർജ് മാത്രമാണ് (കർഷകൻ നേരിട്ട് അടക്കാതെ)കൃഷി ഭവൻ മുഖേന അടയ്ക്കുന്നത്.<br><br>ആകയാൽ കൃഷി വകുപ്പ് മുഖേന അടയ്ക്കേണ്ട പ്രസ്തുത തുക യഥാസമയം അടയ്ക്കാത്തതിനാൽ സർചാർജ് ഈടാക്കുന്ന നടപടി നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡിന് ഒഴിവാക്കാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ